**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1530** **04-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ആർ.ഡി.ഒ. ഓഫീസിൽ വസ്തു തരം മാറ്റുന്നതിന് ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ വില്ലേജിൽ വസ്തു തരംമാറ്റുന്നതിനായി 2021 ഒക്ടോബർ മാസത്തിൽ അപേക്ഷ സമർപ്പിച്ച് വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും റിപ്പോർട്ടോടെ തിരുവനന്തപുരം ആ.ഡി.ഒ. ഓഫീസിൽ ഐ/1868/2022 & ഐ/1870/2022 എന്നീ നമ്പരുകളിൽ ജനുവരി മാസം നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ആർ.ഡി.ഒ ഓഫീസിൽ നിലവിലുണ്ടായിരുന്ന ഐ/ 1868/2022, ഐ/1870/2022 എന്നീ ഫയലുകൾ പരിഗണിച്ച്, കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമിയ്ക്ക സ്വഭാവ വ്യതിയാനം അനുവദിച്ച് കൊണ്ട്, തിരുവനന്തപുരം സബ്കളക്ടർ ഉത്തരവ് നല്കിയിട്ടുള്ളതാണ്. |
| (ബി) | ഈ അപേക്ഷകൾ തീർപ്പ് കല്പിക്കുവാൻ കാലതാമസമെടുക്കുന്നതിന് കാരണം വ്യക്തമാക്കാമോ; ഈ അപേക്ഷകൾക്ക് ശേഷമുള്ള ഫയൽ നമ്പരുകളിൽ എത്രയെണ്ണത്തിന് തീർപ്പ് കല്പിച്ചു; അവ ഏതെല്ലാം; വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം ആർ.ഡി.ഒ ഓഫീസിൽ നിലവിലുണ്ടായിരുന്ന ഐ/1868/2022, ഐ/1870/2022 എന്നീ രണ്ട് അപേക്ഷകളും പരിഗണിച്ച്, കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമിയ്ക്ക സ്വഭാവ വ്യതിയാനം അനുവദിച്ച് കൊണ്ടുള്ള, സബ്കളക്ടറുടെ ഉത്തരവ് നല്കി, തീർപ്പാക്കിയിട്ടുള്ളതാണ്.<br><br>തിരുവനന്തപുരം റവന്യൂ ഡിവിഷനിൽ, 14 സെക്ഷനുകളിലായി 8294 അപേക്ഷകളാണ് നിലവിൽ കൈകാര്യം ചെയ്ത് വരുന്നത്. മുൻഗണനാക്രമം പാലിച്ചും, നിയമപ്രകാരം സ്വീകരിക്കേണ്ടുന്ന നടപടികൾ പാലിച്ചുമാണ്, പ്രസ്തുത അപേക്ഷകളിൻമേൽ തീർപ്പ് കല്പിക്കുന്നത്. ഇപ്രകാരം നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉത്തരവ് നൽകുന്നതിനായി, സ്വാഭാവികമായി ഉണ്ടായിട്ടുള്ള കാലതാമസം മാത്രമാണ് ഐ/1868/2022, ഐ/1870/2022 എന്നീ അപേക്ഷകൾ തീർപ്പാക്കുന്നതിലും ഉണ്ടായിട്ടുള്ളത്.<br><br>ഐ/1868/2022, ഐ/1870/2022 എന്നീ രണ്ട് അപേക്ഷകളും 19/01/2022-നാണ് റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭ്യമായത്. 2022 ജനുവരി 10-ന് ശേഷം ഓൺലൈൻ അപേക്ഷകൾ മാത്രമാണ് തിരുവനന്തപുരം റവന്യൂ ഡിവിഷണൽ |

| | | | |
|---|---|---|---|
| | | | ഓഫീസിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 18 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ആർ.ഡി.ഒ. ഓഫീസിൽ വസ്തു തരം മാറ്റുന്നതിന് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്രയെണ്ണം തീർപ്പ് കല്പിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട്, നാളിതുവരെ , 15782 അപേക്ഷകൾ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ 7488 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചു. |
| (ഡി) | 2022 ജനുവരി മാസത്തിൽ പ്രസ്തുത ഓഫീസിൽ വസ്തു തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷ ലഭിച്ചുവെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും ഇനി എത്ര അപേക്ഷകൾ തീർപ്പാകാനുണ്ടെന്നും വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ഡി) | കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ട്, 2022 ജനുവരി മാസത്തിൽ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ആഫീസിൽ ലഭിച്ച അപേക്ഷകൾ സംബന്ധിച്ച് , വില്ലേജ് തിരിച്ചുള്ള കണക്ക് പൂർണ്ണമായി ലഭിച്ചിട്ടുള്ളതല്ല. |
| (ഇ) | 2022 ജനുവരി മാസം ലഭിച്ച മേൽ സൂചിപ്പിച്ച ഫയൽ നമ്പർ പ്രകാരമുള്ള അപേക്ഷകൾ എത്രയും വേഗം തീർപ്പ് കല്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ട്, തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ആഫീസിൽ ലഭിച്ചിരുന്ന, മേൽ സൂചിപ്പിച്ച ഐ/1868/2022, ഐ/1870/2022 അപേക്ഷകളിൻമേലുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ